# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1686

07-03-2018 ൽ മറുപടിയ്ക്ക്

## അഗ്നിശമന സേനയിലെ ആംബുലൻസുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാം കുഴി അലി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | അഗ്നിശമന സേനയ്ക്കുകീഴിൽ എത്ര ആംബുലൻസുകളാണ് നിലവിലുള്ളത്; ഇവയിൽ പലതും കാലപ്പഴക്കം ചെന്നവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 79 എണ്ണം. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്ന് അറ്റകുറ്റപ്പണികൾ നടത്തുന്നത് ലാഭകരമല്ലാതാകുമ്പോൾ ആംബുലൻസുകൾ നിരാകരണം നടത്തി ലേലം ചെയ്യുകയും പുതിയവ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. |
| ബി) | അപകടത്തിൽപ്പെടുന്നയാളിന് അവശ്യ സംവിധാനമായ ഓക്സിജൻ സിലിണ്ടറും മറ്റ് അത്യാവശ്യ ഉപകരണങ്ങളും ഇത്തരം ആംബുലൻസുകളിൽ പലതിലും ഇല്ലാത്തത് രക്ഷാദൗത്യത്തെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവൻരക്ഷാ ഉപകരണങ്ങളും ആവശ്യമായ ഫസ്റ്റ് എയ്ഡ് സംവിധാനങ്ങളും ഒരുക്കുന്നതിനും ഇത്തരം ആംബുലൻസ് സംവിധാനം ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ വകുപ്പിന് ആംബുലൻസ് വാങ്ങുന്ന സമയത്ത് ഓക്സിജൻ സിലിണ്ടറുകൾ, ജീവൻരക്ഷാ ഉപകരണങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തിയ ആംബുലൻസുകൾ വാങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ